പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2985 29-10-2026-ൽ മറുപടിയ്ക്ക്

സ്കൂൾ കായികമേള

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) നടപ്പ് അധ്യയന വർഷത്തെ സ്കൂൾ കായികമേളയുടെ നീന്തൽ മത്സരങ്ങൾ നടക്കുന്നതിനിടെ താത്കാലിക മേൽക്കൂരയുടെ ഷീറ്റുകൾ തകർന്നുവീണ് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പരിക്കേറ്റ സംഭവം ആശങ്കയുടെ സുരക്ഷാവീഴ്ച മൂലമെന്നും പ്രധാനവേദികൾ നിർമ്മിക്കുമ്പോൾ പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥർ ഫിറ്റ്നസ് പരിശോധിക്കുന്ന രീതി നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

മറുപടി: അവിചാരിതമായി ഉണ്ടായ ശക്തമായ കാറ്റിലും മഴയിലുമാണ് താത്കാലിക ഷെഡിന്റെ മേൽക്കൂരയുടെ ഷീറ്റുകൾ ഇളകി വീണത്. മേളകളുടെ വേദികൾ നിർമ്മിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ സാക്ഷ്യപത്രം വേണമെന്ന കർശന നിർദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര വിദ്യാർഥികൾക്കാണ് പരിക്കേറ്റതെന്നും പ്രസ്തുത പരിപാടിയിൽ കാലാവസ്ഥ മുന്നറിയിപ്പ് പരിഗണനയ്ക്കെടുത്തിരുന്നോ എന്നതും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് അഞ്ച് വിദ്യാർത്ഥികൾക്കാണ് നിസാരമായ പരിക്കുകൾ സംഭവിച്ചിട്ടുള്ളത്. കാലാവസ്ഥാ മുന്നറിയിപ്പ് പരിഗണിച്ചിരുന്നു.

(സി) സംസ്ഥാന സ്കൂൾ കായികമേളയുടെ വേദികൾ എവിടെനിന്ന് എവിടേക്കാണ് മാറ്റിയതെന്നും കഴിഞ്ഞ വർഷം നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനത്തിൽ 2026 -ലെ മേളയുടെ വേദി എവിടെ നിശ്ചയിച്ചാണ് പ്രഖ്യാപനം ഉണ്ടായതെന്നും വേദിമാറ്റാനിടയായ കാരണവും വ്യക്തമാക്കാമോ?

മറുപടി: കഴിഞ്ഞ വർഷം നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപനത്തിൽ 2026-ലെ മേളയുടെ വേദി കണ്ണൂർ ആണെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും സർക്കാർ തലത്തിൽ എടുത്ത തീരുമാന പ്രകാരം വേദി കോഴിക്കോട് ജില്ലയിലേക്ക് മാറ്റുകയുണ്ടായി .

സെക്ഷൻ ഓഫീസർ